**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 224/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

1825 മുതൽ 1855 വരെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന് പ. സഭയ്ക്ക് ശക്തമായ നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ ചേപ്പാട്ട് ഫീലിപ്പോസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ 170-ാം ഓർമ്മ പെരുന്നാൾ 2025 ഒക്ടോബർ മാസം 12, 13 (ഞായർ, തിങ്കൾ) തീയതികളിലായി ആ പുണ്യപിതാവ് അന്ത്യവിശ്രമം കൊള്ളുന്ന തീർത്ഥാടന കേന്ദ്രമായ ചേപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ ആചരിക്കുകയാണ്. ആ പുണ്യപിതാവിന്റെ മെത്രാഭിഷേകത്തിന്റെ ദ്വിശതാബ്ദി വർഷം കൂടിയാണ് കടന്നുപോകുന്നത്. നവീകരണ പഠിപ്പിക്കലുകൾ സഭയിൽ നടപ്പാക്കുന്നതിനായി വിദേശമിഷനറിമാർ നടത്തിയ ശ്രമങ്ങളെ ശക്തമായി നേരിടാൻ 1836-ൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ അദ്ദേഹം വിളിച്ചുകൂട്ടിയ പള്ളി പ്രതിപുരുഷ യോഗം സഭാ ചരിത്രത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ ശ്രേഷ്ഠപിതാവിന്റെ ഓർമ്മപ്പെരുന്നാൾ അനുഗ്രഹകരമായി പൂർത്തീകരിക്കുവാൻ ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 സെപ്റ്റംബർ മാസം 25-ാം തീയതി
നോർത്ത് ഈസ്റ്റ്അമേരിക്ക ഭദ്രാസന കേന്ദ്രത്തിൽ നിന്നും